"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം വിനിയോഗിച്ച് ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ സർവ്വെ നം 161/1 part ൽ ഉൾപ്പെട്ട 0.1214 ഹെ ഭൂമി, ജില്ലാ ഓഫീസ്, വനിത മിത്ര കേന്ദ്ര വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവ നിർമ്മിക്കുന്നതിനായി, ആർ ഒന്നിന് 100 രൂപ നിരക്കിൽ, കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന് 10 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിച്ച് ഉത്തരവാകുന്നു.

---

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(കൈ) നം.351/2025/RD തീയതി,തിരുവനന്തപുരം, 27-12-2025

---

പരാമർശം:-
1. കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 31/01/2025-ലെ അപേക്ഷ.
2. ഇടുക്കി ജില്ലാ കളക്ടറുടെ 18/06/2025-ലെ DCIDK/6309/2024-C13 നം. കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 21/07/2025-ലെ LR/7622/2025-LR(J1) നം. കത്ത്.

**ഉത്തരവ്**

ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ സർവ്വെ നം 161/1 part ൽ ഉൾപ്പെട്ട 0.1214 ഹെ ഭൂമി, ജില്ലാ ഓഫീസ്, വനിത മിത്ര കേന്ദ്ര വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവ നിർമ്മിക്കുന്നതിനായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് പാട്ടത്തിന് അനുവദിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിയ്ക്കുകയുണ്ടായി.

2) അപേക്ഷാ വസ്തു, ജില്ലാ കളക്ടറുടെ 10.09.1998 ലെ C9/60838/88 നമ്പർ ഉത്തരവ് പ്രകാരം, ഇടുക്കി ജില്ലാ പഞ്ചായത്തിന് കൈമാറിയ 322.9740 ഹെക്ടർ വസ്തുവിൽ ഉൾപ്പെട്ടതും സർവ്വെ നമ്പർ 161/1 പാർട്ടിൽ പ്പെട്ടതുമാണ്. എന്നാൽ, ടി സ്ഥലം വനിതാ വികസന കോർപ്പറേഷന് അനുവദിയ്ക്കുന്നതിന് ഇടുക്കി ജില്ലാ പഞ്ചായത്ത് നിരാക്ഷേപ പത്രം സമർപ്പിച്ചിട്ടുണ്ട്. പരാമർശ സ്ഥലം ചെറുതോണി തീയേറ്റർപടി ജംഗ്ഷനിൽ നിന്നും ഉദ്ദേശം 40 മീറ്റർ താന്നിക്കണ്ടം റോഡിൽ പോകുമ്പോൾ ടി റോഡിന് തെക്കായി സ്ഥിതി ചെയ്യുന്നതായും ടി വസ്തുവിൽ എന്തെങ്കിലും നിർമ്മാണങ്ങളോ കൃഷികളോ രാജകീയ വൃക്ഷങ്ങളോ ഇല്ലാത്തതാണെന്നും വില്ലേജ് റിക്കാർഡുകൾ പരിശോധിച്ചതിൽ ടി സ്ഥലം റോഡ്/തോട് പുറമ്പോക്കിലോ തണ്ണീർത്തടങ്ങളിലോ പരിസ്ഥിതി ദുർബല പ്രദേശങ്ങളിലോ ഉൾപ്പെട്ട് വരുന്നതല്ലായെന്നും, ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ റീസർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തിനാൽ BTR, FMB, സെറ്റിൽമെന്റ് രജിസ്റ്ററുകൾ ലഭ്യമല്ലാത്തതാണെന്നും, 1,13,075/- (ഒരു ലക്ഷത്തി പതിമൂവായിരത്തി എഴുപത്തി അഞ്ച് രൂപ മാത്രം) പാട്ട നിരക്കിൽ വനിത വികസന കോർപ്പറേഷന് ജില്ലാ ഓഫീസ്, വനിത മിത്ര കേന്ദ്ര വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവ നിർമ്മിക്കുന്ന ആവശ്യത്തിനായി ലീസിന് ടി ഭൂമി അനുവദിയ്ക്കാമെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ, ലാൻഡ് റവന്യൂ കമ്മീഷണറുടെ ശുപാർശ വിശദമായി പരിശോധിയ്ക്കുകയുണ്ടായി. സ്വന്തം സ്ഥലത്തു നിന്നും ദൂരെ മാറി, അന്യദേശങ്ങളിൽ ജോലി ചെയ്യേണ്ടി വരുന്ന വനിതകൾക്ക് ചെലവ് കുറഞ്ഞ, സുരക്ഷിതമായ

താമസ സ്ഥലം ഒരുക്കുന്നതിനു വേണ്ടി ഹോസ്റ്റലുകൾ നടത്തുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിലൊന്നാണ് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ. ആയത് പരിഗണിച്ച് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം വിനിയോഗിച്ച് ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ സർവ്വെ നം 161/1 part ൽ ഉൾപ്പെട്ട 0.1214 ഹെ ഭൂമി, ജില്ലാ ഓഫീസ്, വനിത മിത്ര കേന്ദ്ര വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവ നിർമ്മിക്കുന്നതിനായി, ആർ ഒന്നിന് 100 രൂപ നിരക്കിൽ, കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന് 10 വർഷത്തേയ്ക്ക് ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പാട്ടത്തിന് അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമെ ഉപയോഗിക്കാവൂ.

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii) ഭൂമി ഉപപാട്ടത്തിനു / തറവാടകയ്ക്ക് നല്കുവാൻ പാടില്ല.

iv) ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

v) ഭൂമി എല്ലാതരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ ചുറ്റമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്.

vi) ഓരോ മൂന്നു വർഷം തോറും പാട്ടം പുതുക്കേണ്ടതാണ് .

vii) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമെ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ് .

viii) പാട്ടതുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ്. പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നല്കേണ്ടതാണ് .

ix) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .

4) ഇടുക്കി ജില്ലാ കളക്ടർ ഇക്കാര്യത്തിൽ നിയമാനുസൃത തുടർ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം.
ജില്ലാ കളക്ടർ, ഇടുക്കി.
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ, തിരുവനന്തപുരം.
ധനകാര്യ (EXP-D) വകുപ്പ് (റഫ.നം.E-3292082/EXP-D3/169/2025-FIN. തീയതി 23/10/2025).
വനിത ശിശുവികസന (ബി) വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം.3462. തീയതി 24/12/2025).
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ (എ2/161/2025/റവ.)

ഉത്തരവിൻ പ്രകാരം
Signed by
Prathapachandran S
Date: 27-12-2025 13:42:13
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 24-12-2025

ഫയൽ നം. എ2/161/2025/റവ. ഇനം നം: 3462

വിഷയം : റവന്യൂ വകുപ്പ് - 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം, സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം വിനിയോഗിച്ച്, ഇടുക്കി ജില്ലയിൽ, ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ സർവ്വെ 161/1 പാർട്ടിൽ ഉൾപ്പെട്ട 0.1214 ഹെ (30 സെന്റ്) ഭൂമി, ജില്ലാ ഓഫീസ്, വനിത മിത്ര കേന്ദ്ര വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവ നിർമ്മിക്കുന്നതിനായി, ആർ ഒന്നിന് 100/- രൂപ വാർഷിക പാട്ട നിരക്കിൽ, നിബന്ധനകൾക്ക് വിധേയമായി, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് 10 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3462

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. ഫയൽ നമ്പർ | : | എ 2/161/2025/റവ. |
| 2. വകുപ്പ് | : | റവന്യൂ (എ) വകുപ്പ് |
| 3. വിഷയം | : | 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം, സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം വിനിയോഗിച്ച് , ഇടുക്കി ജില്ലയിൽ, ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ സർവ്വേ 161/1 പാർട്ടിൽ ഉൾപ്പെട്ട 0.1214 ഹെ (30 സെന്റ്) ഭൂമി. ജില്ലാ ഓഫീസ്, വനിത മിത്ര കേന്ദ്ര വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവ നിർമ്മിക്കുന്നതിനായി, ആർ ഒന്നിന് 100/- രൂപ വാർഷിക പാട്ട നിരക്കിൽ, നിബന്ധനകൾക്ക് വിധേയമായി, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് 10 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നത് - സംബന്ധിച്ച് . |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 22/11/2025 |
| 5. (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. വനിതാ ശിശു വികസന വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7. കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീ.അനു.എസ്.നായർ |
| 8. കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി.രാജമാണിക്കം |
| 9. മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03/12/2025 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11. മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15/12/2025 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കെ.രാജൻ |
| 13. മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 15/12/2025 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 16/12/2025 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം , സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം വിനിയോഗിച്ച് ,ഇടുക്കി ജില്ലയിൽ, ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ സർവ്വേ 161/1 പാർട്ടിൽ ഉൾപ്പെട്ട 0.1214 ഹെ ഭൂമി (30 സെന്റ്), ജില്ലാ ഓഫീസ്, വനിത മിത്ര കേന്ദ്ര വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവ നിർമ്മിക്കുന്നതിനായി, ആർ ഒന്നിന് 100/- രൂപ വാർഷിക പാട്ട നിരക്കിൽ, നിബന്ധനകൾക്ക് വിധേയമായി, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് (കെ.എസ്.ഡബ്ല്യു.ഡി.സി) 10 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ സർവ്വെ നം 161/1 part ൽ ഉൾപ്പെട്ട 0.1214 ഹെ ഭൂമി , വനിതാ വികസന കോർപ്പറേഷന് ജില്ലാ ഓഫീസ്, വനിത മിത്ര കേന്ദ്ര വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവ നിർമ്മിക്കുന്ന ആവശ്യത്തിനായി ലീസിന് അനുവദിക്കുന്നതിനായി, വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന്, ലാന്റ് റവന്യൂ കമ്മീഷണർ ലീസ് പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ഭൂമി ജില്ലാ കളക്ടറുടെ 10.09.1998 ലെ C9/60838/88 നമ്പർ ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്തിന് കൈമാറിയ 322.9740 ഹെക്ടർ വസ്തുവിൽ ഉൾപ്പെട്ടതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സ്ഥലം അനുവദിക്കുന്നതിനായി ഇടുക്കി ജില്ലാ പഞ്ചായത്തിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമായിട്ടുണ്ട്.

3. ടി വസ്തുവിന്റെ ന്യായവില ആർ ഒന്നിന് 2,11,200/- രൂപ നിശ്ചയിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഭൂമി പ്രതിവർഷം 1,13,075/- (ഒരു ലക്ഷത്തി പതിമൂവായിരത്തി എഴുപത്തി അഞ്ച് രൂപ മാത്രം) പാട്ട നിരക്കിൽ വനിത വികസന കോർപ്പറേഷന് ലീസിന് അനുവദിക്കാവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

4. ഇക്കാര്യത്തിൽ വനിതശിശു വികസന വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടുകയുണ്ടായി.

"കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് പാട്ടത്തിന് അനുവദിച്ച ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ സർവ്വെ നം.161/1 part ൽ ഉൾപ്പെട്ട 0.1214 ഹെ ഭൂമി ജില്ലാ ഓഫീസ്, വനിത മിത്ര കേന്ദ്ര വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവ നിർമ്മിക്കുന്ന ആവശ്യത്തിനായി

1) ആർ ഒന്നിന് 1/- രൂപ നിരക്കിൽ പ്രതിവർഷം പാട്ട തുക നിശ്ചയിച്ച് നൽകുന്നതിന് അല്ലെങ്കിൽ

2) ആർ ഒന്നിന് 100/- രൂപ നിരക്കിൽ പ്രതിവർഷം പാട്ട തുക നിശ്ചയിച്ച് നൽകുന്നതിന്

റവന്യൂ (എ) വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി വനിത വികസന കോർപ്പറേഷന് 10 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നതിന് അനുമതി നൽകുന്നതിലേയ്ക്ക് പ്രസ്തുത വകുപ്പിനോട് അഭ്യർത്ഥിയ്ക്കുന്നു."

5. സ്വന്തം സ്ഥലത്തു നിന്നും ദൂരെ മാറി, അന്യദേശങ്ങളിൽ ജോലി ചെയ്യേണ്ടി വരുന്ന വനിതകൾക്ക് ചെലവ് കുറഞ്ഞ സുരക്ഷിതമായ താമസ സ്ഥലം ഒരുക്കുന്നതിനു വേണ്ടി ഹോസ്റ്റലുകൾ നടത്തുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിലൊന്നാണ് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ. ആയതിന്റെ അടിസ്ഥാനത്തിൽ 16/07/2025-ലെ ജി.ഒ (എം.എസ്) നം.218/2025/ആർ.ഡി പ്രകാരം എറണാകുളം ജില്ലയിൽ, വാഴക്കാല വില്ലേജിൽ 40.47 ആർ സർക്കാർ ഭൂമിയുടെ പാട്ടക്കുടിശ്ശിക ഒഴിവാക്കിയും ആർ ഒന്നിന് 100 രൂപ നിരക്കിൽ പാട്ടത്തുക നിശ്ചയിച്ചും വനിതാ ഹോസ്റ്റലിനായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് പാട്ടം അനുവദിച്ചിരുന്നു.മേൽ വസ്തുത പരിഗണിച്ച്, ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ സർവ്വെ നം 161/1 part ൽ ഉൾപ്പെട്ട 0.1214 ഹെ ഭൂമി, വനിതാ വികസന കോർപ്പറേഷന് ജില്ലാ ഓഫീസ്, വനിത മിത്ര കേന്ദ്ര വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവ

നിർമ്മിക്കുന്നതിനായി ആർ ഒന്നിന് 100 രൂപ നിരക്കിൽ 10 വർഷത്തേയ്ക്ക് പാട്ടം അനുവദിയ്ക്കുന്നതിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

6) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

*"ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ സർവ്വെ നം. 161/1 part ൽ ഉൾപ്പെട്ട 0.1214 ഹെ ഭൂമി, വനിതാ വികസന കോർപ്പറേഷന് ജില്ലാ ഓഫീസ്, വനിത മിത്ര കേന്ദ്ര വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവ നിർമ്മിക്കുന്നതിനായി ആർ ഒന്നിന് 100 രൂപ നിരക്കിൽ 10 വർഷത്തേയ്ക്ക് പാട്ടം അനുവദിയ്ക്കുന്നതിനോട് ധന വകുപ്പ് യോജിക്കുന്നു."*

7) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം വിനിയോഗിച്ച് ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ സർവ്വെ നം. 161/1 part ൽ ഉൾപ്പെട്ട 0.1214 ഹെ ഭൂമി (30 സെന്റ്), ജില്ലാ ഓഫീസ്, വനിത മിത്ര കേന്ദ്ര വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവ നിർമ്മിക്കുന്നതിനായി, ആർ ഒന്നിന് 100 രൂപ നിരക്കിൽ, നിബന്ധനകൾക്ക് വിധേയമായി, വനിതാ വികസന കോർപ്പറേഷന്, 10 വർഷത്തേയ്ക്ക് പാട്ടം അനുവദിയ്ക്കുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിയ്ക്കാമോയെന്നതിൽ ഉത്തരവിലേയ്ക്കായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിന്റ പരിഗണനയ്ക്ക് സമർപ്പിയ്ക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനമെടുക്കേണ്ട വിഷയം</u>**

1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം വിനിയോഗിച്ച് ഇടുക്കി ജില്ലയിൽ, ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ സർവ്വേ 161/1 പാർട്ടിൽ ഉൾപ്പെട്ട 0.1214 ഹെ ഭൂമി (30 സെന്റ്), ജില്ലാ ഓഫീസ്, വനിത മിത്ര

കേന്ദ്ര വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവ നിർമ്മിക്കുന്നതിനായി, ആർ ഒന്നിന് 100/- രൂപ വാർഷിക പാട്ട നിരക്കിൽ, ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് 10 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിയ്ക്കാമോ ?

നിബന്ധനകൾ

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമെ ഉപയോഗിക്കാവൂ.
ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.
iii) ഭൂമി ഉപപാട്ടത്തിനു / തറവാടകയ്ക്ക് നല്കുവാൻ പാടില്ല.
iv) ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

v) ഭൂമി എല്ലാതരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്.
vi) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമെ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ്.
vii) പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ്. പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നല്കേണ്ടതാണ്.
viii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .